**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1505** **03-02-2026 - ൽ മറുപടിയ്ക്ക്**

**പുതിയ ലേബർ കോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലുണ്ടായിരുന്ന 29 ഓളം തൊഴിൽ നിയമങ്ങൾക്കു പകരം നാല് ലേബർ കോഡുകൾ നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്.<br><br>രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപേഷണൽ സേഫ്റ്റി & ഹെൽത്ത് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു ചർച്ച ചെയ്യുന്നതിനായി സംസ്ഥാനതല ശിൽപ്പശാല 02.07.2022 ന് തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു. ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ വിവിധ ട്രേഡ് യൂണിയൻ സംഘടനകൾ തൊഴിൽ നിയമങ്ങൾ നിലവിൽ വന്നാൽ അഭിമുഖീകരിക്കാവുന്ന പ്രശ്നങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്തിരുന്നു. കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളെക്കുറിച്ചുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും തുടർന്നും ചർച്ച ചെയ്യുന്നതിനുവേണ്ടി 19.12.2025 ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമ വിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും, പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെ കുറിച്ച് വിശദമായി പഠിക്കാനും കേരളത്തിലെ |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി 22.01.2026 തീയതിയിലെ സ.ഉ (സാധാ) നം. 74/2026/തൊഴിൽ പ്രകാരം ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പുതിയ ലേബർ കോഡുകൾ തൊഴിലാളി സമരങ്ങൾക്കും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പുതിയ ലേബർ കോഡുകൾ പ്രകാരം സ്റ്റാന്റിംഗ് ഓർഡർ ബാധകമാക്കുന്നതിനുള്ള പരിധി 100-ൽ (കേരളത്തിൽ നിലവിൽ 50) നിന്ന് 300 ആയി ഉയർത്തുന്നത് ചെറുകിട സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണം പരിമിതപ്പെടുത്തും. സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിനും മറ്റും സർക്കാർ അനുമതി വേണ്ട. തൊഴിലാളികളുടെ എണ്ണം 300 ആയി ഉയർത്തുന്നത് തൊഴിൽ സുരക്ഷയെ പ്രതികൂലമായി ബാധിക്കുകയും തൊഴിലാളികൾക്കിടയിൽ അസമത്വം സൃഷ്ടിക്കുകയും ചെയ്യും. പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനും ആയത് എപ്രകാരം തൊഴിൽ മേഖലയെ ബാധിക്കുന്നു എന്ന് വിശകലനം ചെയ്യുന്നതിനുമായി 22.01.2026 തീയതിയിലെ സ.ഉ. (സാധാ) നം. 74/2026/ തൊഴിൽ പ്രകാരം ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള വിദഗ്ധ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത ലേബർ കോഡുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | പുതിയ ലേബർ കോഡുകൾ പ്രകാരം സ്റ്റാന്റിംഗ് ഓർഡർ ബാധകമാക്കുന്നതിനുള്ള പരിധി 100-ൽ (കേരളത്തിൽ നിലവിൽ 50) നിന്ന് 300 ആയി ഉയർത്തുന്നത് ചെറുകിട സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണം പരിമിതപ്പെടുത്തും. സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിനും മറ്റും സർക്കാർ അനുമതി വേണ്ട. തൊഴിലാളികളുടെ എണ്ണം 300 ആയി ഉയർത്തുന്നത് തൊഴിൽ സുരക്ഷയെ പ്രതികൂലമായി ബാധിക്കുകയും തൊഴിലാളികൾക്കിടയിൽ അസമത്വം സൃഷ്ടിക്കുകയും ചെയ്യും. പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനും ആയത് എപ്രകാരം തൊഴിൽ മേഖലയെ ബാധിക്കുന്നു എന്ന് വിശകലനം ചെയ്യുന്നതിനുമായി 22.01.2026 തീയതിയിലെ സ.ഉ. (സാധാ) നം. 74/2026/ തൊഴിൽ പ്രകാരം ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള |

| | | | |
|---|---|---|---|
| | | | പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ